**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 288** **08-06-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികൾക്കായി ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന നാളിതുവരെ സംസ്ഥാനത്ത് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ആകെ തുക എത്ര; ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികളുടെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളത്; | (എ) | കിഫ്ബി മുഖേന നാളിതുവരെ 63,259.32 കോടി രൂപയുടെ 903 പദ്ധതികൾക്കാണ് അനുമതി നല്കിയിട്ടുള്ളത്. 20863.25 കോടി രൂപയുടെ പദ്ധതികളുടെ പ്രവൃത്തികളാണ്ആരംഭിച്ചിട്ടുള്ളത്. |
| (ബി) | എത്ര കോടി രൂപയുടെ പദ്ധതികളാണ് നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ളത്; | (ബി) | നാളിതുവരെ 2,942.63 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |
| (സി) | നാളിതുവരെ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കുമോ; | (സി) | നാളിതുവരെ വിവിധ പദ്ധതികൾക്കായി പാർട്ട് ബില്ലുകൾ ഉൾപ്പെടെ 10,907.07 കോടി രൂപ ചെലവഴിച്ചു. |
| (ഡി) | ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി ആവശ്യമായ തുക എത്രയെന്ന് വിശദമാക്കാമോ; | (ഡി) | സാമ്പത്തികാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി 52,352.25 കോടി രൂപ ആവശ്യമായി വരും. |
| (ഇ) | ഇപ്പോൾ കിഫ്ബി ഫണ്ടിൽ എത്ര രൂപയാണ് നീക്കിയിരിപ്പുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | കിഫ്ബി ഫണ്ടിൽ 85,23,75,69,320.12 രൂപ നീക്കിയിരിപ്പുണ്ട്. |

സെക്ഷൻ ഓഫീസർ